പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 110

13.06.2013-ൽ മറുപടി നൽകേണ്ടത്

## ഭൂരഹിതർ ഇല്ലാത്ത കേരളം 2015 പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>" ഡൊമിനിക് പ്രസന്റേഷൻ<br>" കെ. ശിവദാസൻ നായർ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതർ ഇല്ലാത്ത കേരളം 2015 പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ, വിശദമാക്കുമോ; | (എ) ഉണ്ട്. കുടുംബ വാർഷിക വരുമാനം 75,000/- രൂപയിൽ താഴെയുള്ള ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് 3 സെന്റ് ഭൂമി വീതം നൽകാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. 2015-ഓടുകൂടി കേരള സംസ്ഥാനത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ഭൂരഹിതരില്ലാത്ത കേരളം- 2015 ആവിഷ്കരിച്ചത്. 2012 ആഗസ്റ്റ് മാസത്തോടുകൂടി കേരളത്തിൽ എത്ര ഭൂരഹിത കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തൊട്ടാകെ അപേക്ഷ സ്വീകരിച്ച് 15.08.2012- ൽ 2,33,232 അർഹരായ ഭൂരഹിത കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അപേക്ഷ സ്വീകരിക്കുന്ന തീയതി 15.02.2013 വരെ ദീർഘിപ്പിച്ച പ്രകാരം കിട്ടിയ അപേക്ഷകളിൽ അന്വേഷണം നടന്നുവരുന്നു. അർഹരായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ 3 സെന്റ് ഭൂമി വീതം 2015 ആഗസ്റ്റ് മാസത്തിന് മുമ്പായി നൽകുന്നതാണ്. |

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) 2015- ാം ആണ്ടോടുകൂടി കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കുകയെന്നതാണ് ഭൂരഹിതരില്ലാത്ത കേരളം- 2015 എന്ന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) റവന്യൂ വകുപ്പിന്റെ നേതൃത്വത്തിലും ഉത്തരവാദിത്വത്തിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; അറിയിക്കുമോ?

(ഡി) പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി ജോയിന്റ് കമ്മീഷണർ (എൽ.ആർ)-നെ നിയമിക്കുകയും സംസ്ഥാന തലത്തിലും ജില്ലാ/താലൂക്ക് തലങ്ങളിലും സ്പെഷ്യൽ സെല്ലുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സർവേ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർവേ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി- 2015- ന് വേണ്ടി രണ്ട് ഘട്ടങ്ങളിലായി അപേക്ഷകൾ ക്ഷണിച്ചിരുന്നു. ഒന്നാം ഘട്ടമായി ലഭിച്ചിരുന്ന അപേക്ഷകളിൽ പ്രാഥമിക പരിശോധന നടത്തി ലഭ്യമായ ലിസ്റ്റ് www.zerolandless kerala state cell gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. രണ്ടാംഘട്ടമായി 15.02.2013- വരെ ലഭിച്ചിരുന്ന അപേക്ഷകളിലുൾപ്പെടെ, വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ പരിശോധനയും, അന്വേഷണവും നടത്തി അർഹരായ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ

ജില്ലാതലത്തിൽ നടന്നുവരുന്നു. അർഹരായ ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് അനുയോജ്യമായ വിവിധതരം സർക്കാർ ഭൂമികൾ കണ്ടെത്തുന്നതിനുള്ള നടപടിയും, കണ്ടെത്തി കഴിഞ്ഞവയിലുള്ള സർവ്വേ പ്രവർത്തനങ്ങളും ജില്ലാതലത്തിൽ പുരോഗമിച്ചുവരുന്നു.

ആഗസ്റ്റ് മാസത്തിൽ ഒന്നാംഘട്ട പട്ടയം വിതരണം നടത്താനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സെക്ഷൻ ഓഫീസർ